"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ജി.സി.ഡി.എ. - ജീവനക്കാര്യം - ശ്രീ.സുന്ദരേഷ്.എൻ, എസ്.എൽ.ആർ. അൺസ്കിൽഡ് വർക്കർ - ശൂന്യ വേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

G.O.(Rt) No.874/2020/LSGD തീയതി,തിരുവനന്തപുരം, 12/05/2020

പരാമർശം:- 1 07-08-2017-ലെ സ.ഉ.(അച്ചടി) നം.102/2017/ധന

2 ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 30/09/2019-ലെ 108/2019-20 നമ്പർ തീരുമാനം

3 ജി.സി.ഡി.എ. സെക്രട്ടറിയുടെ 17.10.2019, 28.01.2020 എന്നീ തീയതികളിലെ 5699/എസ്റ്റാ.3/2019/ജി.സി.ഡി.എ. നമ്പർ കത്ത്

<u>ഉത്തരവ്</u>

വിശാല കൊച്ചി വികസന അതോറിറ്റിയിൽ എസ്.എൽ.ആർ അൺസ്കിൽഡ് വർക്കറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ.എൻ.സുന്ദരേഷിന് 28/12/2018 മുതൽ 05/09/2019 വരെയുള്ള വിവിധ കാലയളവുകളിൽ അനുവദിച്ച ശൂന്യവേതനാവധി ക്രമപ്പെടുത്തുന്നതിനായി പരാമർശം (3) പ്രകാരം, ടിയാന്റെ അവധി അപേക്ഷകളും മെഡിക്കൽ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും സഹിതം ജി.സി.ഡി.എ. സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2. വിശാല കൊച്ചി വികസന അതോറിറ്റിയിൽ എസ്.എൽ.ആർ അൺസ്കിൽഡ് വർക്കറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ.എൻ.സുന്ദരേഷ് അവധി അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകൾ പ്രകാരം hypoglycemic & hepatic encephalitic, cirrhosis liver, diabetes തുടങ്ങിയ അസുഖങ്ങളാൽ ബാധിതനാണ്. ടിയാന് 28.12.2018 മുതൽ 31.12.2018 വരെ 4 ദിവസത്തെ ശൂന്യവേതനാവധി വ്യക്തിപരമായ കാരണങ്ങളാലും, ആയതിന് തുടർച്ചയായി 01.01.2019 മുതൽ 10.08.2019 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും താഴെപ്പറയും പ്രകാരം അതോറിറ്റി ശൂന്യവേതന അവധി അനുവദിച്ചിരുന്നു.

| ക്രമ നം. | അവധി അനുവദിച്ച കാലയളവ് | ദിവസങ്ങളുടെ എണ്ണം |
|---|---|---|
| 1 | 28-12-2018 to 31-12-2018 | 4 |
| 2 | 01-01-2019 to 11-02-2019 | 42 |

| | | |
|---|---|---|
| 3 | 12-02-2019 to 13-03-2019 | 30 |
| 4 | 14-03-2019 to 12-05-2019 | 60 |
| 5 | 13-5-2019 to 10-08-2019 | 90 |
| | ആകെ | 226 ദിവസങ്ങൾ |

3) തുടർന്ന് ടിയാന്റെ ഭാര്യ ടിയാന് ജോലിയിൽ തിരികെ പ്രവേശിക്കാൻ ആകാത്തവിധം ശാരീരികവും മാനസികവുമായ ബുദ്ധിമുട്ട് ഉള്ളതായും, തുടർ ചികിത്സയ്ക്ക് മാർഗ്ഗമില്ലാത്തതിനാൽ ഇൻവാലിഡ് പെൻഷൻ അനുവദിക്കണമെന്നും അതോറിറ്റിയിൽ അപേക്ഷ സമർപ്പിച്ചു. കെ.എസ്.ആർ, ഭാഗം III, ചട്ടം 46(a) പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ തീയതിയായ 06.09.2019 പ്രാബല്യത്തിൽ ടിയാന് ഇൻവാലിഡ് പെൻഷൻ അനുവദിക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ, 28.12.2018 മുതൽ 10.08.2019 വരെയുള്ള 226 ദിവസം ശൂന്യവേതന അവധി അനുവദിക്കുന്നതിനും ഇതിനു തുടർച്ചയായി ജോലിയിൽ ഹാജരാകാതിരുന്ന 11.08.2019 മുതൽ 05.09.2019 വരെ 26 ദിവസം ശൂന്യവേതന അവധിയായി ക്രമപ്പെടുത്തുന്നതിനുമായി അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ശുപാർശയോടെ ജി.സി.ഡി.എ. സെക്രട്ടറി പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രോഗബാധിതനായി ജോലിയിൽ തിരികെ പ്രവേശിക്കാൻ ആകാത്തവിധം ശാരീരികവും മാനസികവുമായ ബുദ്ധിമുട്ട് അനുഭവിക്കുന്ന, വിശാല കൊച്ചി വികസന അതോറിറ്റിയിലെ എസ്.എൽ.ആർ അൺസ്കിൽഡ് വർക്കർ ശ്രീ. എൻ.സുന്ദരേഷ് -ന് ഇൻവാലിഡ് പെൻഷൻ അനുവദിക്കുന്നതിനായി പ്രസ്തുത അവധി കാലയളവ് ക്രമീകരിക്കേണ്ട സാഹചര്യം പരിഗണിച്ച് ടിയാന് 28.12.2018 മുതൽ 31.12.2018 വരെ 4 ദിവസം വ്യക്തിപരമായ കാരണങ്ങളാലും, ആയതിന് തുടർച്ചയായി 01.01.2019-10.08.2019 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതന അവധി അനുവദിച്ചും ഇതിനു തുടർച്ചയായി ജോലിയിൽ ഹാജരാകാതിരുന്ന 11.08.2019 മുതൽ 05.09.2019 വരെയുള 26 ദിവസം ചട്ടം 88 പ്രകാരമുള്ള ശൂന്യവേതന അവധിയായി ക്രമീകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ശ്രീ.സുന്ദരേഷ്.എൻ, എസ്.എൽ.ആർ അൺസ്കിൽഡ് വർക്കർ , ജിസിഡിഎ (സെക്രട്ടറി , ജിസിഡിഎ മുഖേന)
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ./ഇ& ആർ.എസ്.എ.) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ